മഴവില്ല്

Monthly Newsletter of Kerala State Co-operative Bank

കേരള ബാങ്ക് ബുള്ളറ്റിൻ

Volume 03 Issue 03

2023 March

KERALA BANK

Kerala State Co-operative Bank

മാർച്ച് 8

അന്താരാഷ്ട്ര

വനിതാ ദിനം

KB

ഷീ ടൂവീലർ വായ്പ
വനിത പ്ലസ് വായ്പ

മഴവില്ല്
Monthly Newsletter of Kerala State Co-operative Bank

ചീഫ് എഡിറ്റർ
ഗോപി കോട്ടമുറിക്കൽ
പ്രസിഡന്റ്

മാനേജിംഗ് എഡിറ്റർ
റോയ് എബ്രഹാം
ചീഫ് ജനറൽ മാനേജർ

പത്രാധിപ സമിതി
ഫിറോസ് ഖാൻ പി. എം.
(ജനറൽ മാനേജർ)
ജെ.എസ്. ബബ്‌ലു
(പ്രിൻസിപ്പൽ പിആർഒ)
സി.സഹദ് (പിആർഒ)
റീനമോൾ റ്റി (പിആർഒ)
അഭിജിത്ത് റ്റി (പിആർഒ)
ഹാറൂൺ റഷീദ് (പിആർഒ)
ജയ്കർ റ്റി.എസ് (പിആർഒ)

ഉള്ളടക്കം

വനിതകൾക്ക് പുതിയ വായ്പാ പദ്ധതികൾ 07

സഹകരണ പ്രസ്ഥാനത്തിന്റെ ലഘു ചരിത്രം 12

Oyster Mushroom Cultivation 16

The Depositor Education and Awareness Fund Scheme-2014 19

യു.എൽ.സി.സി.എസ്. സംഘ ശക്തി കേരളത്തിന്റെ സഹകരണ പെരുമ 21

സംസ്ഥാനത്തിന്റെ വികസനത്തിന് 32 സഹകരണ പദ്ധതി

സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക വികസനത്തിന് കൂടുതൽ ഊർജ്ജം പകരാൻ 32 പ്രത്യേക പദ്ധതികളുമായി സഹകരണ വകുപ്പ്. സഹകരണ സംഘങ്ങളെ മുൻനിർത്തി ആറു മേഖല കേന്ദ്രീകരിച്ചായിരിക്കും പദ്ധതി നടപ്പാക്കുക. 2025 ഡിസംബർ 31 നകം പൂർത്തികരിക്കുംവിധമാകും പ്രഖ്യാപനം.

കൃഷിയും പരിസ്ഥിതി സംരക്ഷണവും, ശുചിത്വവും മാലിന്യ സംസ്കരണവും, സ്വാശ്രയത്വവും സാമ്പത്തിക സാമൂഹിക സുരക്ഷയും, വനിത-യുവജന-പട്ടികജാതി പട്ടികവർഗ്ഗ-ട്രാൻസ് ജെന്റർ -അസംഘടിത തൊഴിലാളി മേഖലകളുടെ ശാക്തീകരണം, ആരോഗ്യ പരിരക്ഷയും വയോജന സംരക്ഷണവും, സാംസ്കാരിക രംഗത്തെ സഹകരണ ഇടപെടലുകളുടെ ശാക്തീകരണം, അന്ധവിശ്വാസത്തിനും അനാചാരത്തിനും എതിരായ പ്രവർത്തനം ശക്തമാക്കൽ എന്നിവയിൽ ഊന്നിയാകും പദ്ധതികൾ നടപ്പിലാക്കുന്നത്. വിശദ പദ്ധതി രേഖ തയ്യാറാക്കാൻ സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ വിളിച്ചുചേർത്ത സെക്രട്ടറിതല യോഗത്തിൽ ധാരണയായി. നടത്തിപ്പിന് ജനകീയാസൂത്രണ പദ്ധതി മാതൃകയിൽ പ്രവർത്തന സംവിധാനം രൂപീകരിക്കും.

ഡൽഹിയിലും മുംബൈയിലും സഹകരണ ഉൽപ്പന്നങ്ങൾക്ക് സ്ഥിരം വിപണന കേന്ദ്രം തുറക്കുന്നതും പരിഗണനയിലാണ്. 1000 ഏക്കർ തരിശുഭൂമിയിൽ സഹകരണ സംഘങ്ങൾ കൃഷിയിറക്കുകയും ഈ വിളകൾ വിറ്റഴിക്കുന്നതിന് വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കാനും തീരുമാനമായി. സഹകരണ മേഖലയ്ക്ക് മാലിന്യ സംസ്കരണ നയവും നിയമാവലിയും രൂപീകരിക്കും. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംഘങ്ങൾ സഹകരിക്കും. സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ വീടുകളിൽ ഉറവിട മാലിന്യ സംസ്കരണസംവിധാനമൊരുക്കാൻ പ്രത്യേക വായ്പാ പദ്ധതി തുടങ്ങും. സംഘങ്ങൾക്ക് സോളാർ പാനൽ സ്ഥാപിക്കാൻ സാമ്പത്തിക സഹായം ഉറപ്പാക്കും.

സംഘങ്ങൾ സംരംഭകത്വത്തിലേക്ക് മാറ്റാൻ അപ്പക്സ് കൗൺസിൽ രൂപീകരിക്കും. മുതൽമുടക്കുകളിലെ പണനഷ്ടം ഒഴിവാക്കുകയാണ് ലക്ഷ്യം. സംഘങ്ങൾ ഏറ്റെടുക്കേണ്ട സംരംഭങ്ങളെക്കുറിച്ച് വിപണി പഠനത്തിലൂടെ അപ്പക്സ് കൗൺസിൽ നിർദ്ദേശങ്ങൾ നൽകും.

പ്രാദേശികതലം മുതൽ സഹകരണ ആശുപത്രി സംവിധാനം ശക്തിപ്പെടുത്തി, പ്രവർത്തനം വിപുലീകരിക്കും. ജില്ലകളിൽ ഒരു സഹകരണ റഫറൽ ആശുപത്രിയെങ്കിലും ഉറപ്പാക്കും.

സാമ്പത്തിക സമത്വവും വനിതാ ദിനവും

സാർവ്വദേശീയവനിതാദിനമായമാർച്ച് 8ഒരുഓർമ്മപ്പെടുത്തലാണ്. ഓരോ സ്ത്രീക്കുമൊപ്പം ശക്തമായ ഒരു സമൂഹം കൂടെയുണ്ടെന്നുള്ള ഓർമ്മപ്പെടുത്തൽ.

1975 ലാണ് ഐക്യരാഷ്ട്രസഭ ലോക വനിതാ ദിനത്തെ ഔദ്യോഗികമായി അംഗീകരിക്കുന്നത്. 1857 മാർച്ച് 8 ന് ന്യൂയോർക്കിലെ 1500 ലധികം വനിതകൾ നടത്തിയ പ്രക്ഷോഭത്തിൽ നിന്നാണ് സ്ത്രീ ശാക്തീകരണത്തിന്റെ തുടക്കം. അക്രമത്തെയും അസമത്വത്തെയും ചെറുക്കുന്ന ഓരോ സ്ത്രീക്കും ഒപ്പം നിൽക്കാൻ ആത്മാർത്ഥമായ ഒരു സമൂഹം ആവശ്യമാണ്. സമത്വം എന്നത് ഉണ്ടായിരിക്കേണ്ടതല്ല നിർബന്ധമായും ഉണ്ടാവേണ്ടതാണെന്ന തിരിച്ചറിവാണ് പ്രധാനം.

മാനസികവും സാമൂഹികവും ശാരീരികവുമായ അടിച്ചമർത്തലുകളെ തോൽപ്പിച്ച് എല്ലാ മേഖലയിലും സാന്നിധ്യം അറിയിച്ച സ്ത്രീ സമൂഹത്തിന്റെ വിജയദിനാചരണം കൂടിയാണ് ഓരോ മാർച്ച് എട്ടും. ഉന്നത വിദ്യാഭ്യാസവും ഉയർന്ന വരുമാനവും നേടുന്ന സ്ത്രീകൾ നമ്മുടെ സമൂഹത്തിന് അഭിമാനമാണ്. വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കാൻ കഴിയുന്ന നേട്ടങ്ങളാണ് നമ്മുടെ രാജ്യത്തെ പ്രത്യേകിച്ച് കേരളത്തിലെ സ്ത്രീകൾ നേടിയിട്ടുള്ളതും ഓരോ ദിവസവും നേടിയെടുക്കുന്നതും.

ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ വനിതകൾ മെച്ചപ്പെട്ട നിലയിലാണെങ്കിലും തൊഴിൽ പങ്കാളിത്തം പരിശോധിക്കുമ്പോൾ കേരള മാതൃക വിമർശനം നേരിടാൻ സാധ്യതയുണ്ട്. കാരണം വിദ്യാഭ്യാസം നേടിയ വനിത നാടിനും കുടുംബത്തിനും അഭിമാനമാണെങ്കിലും സ്വന്തമായി വരുമാനം നേടാത്ത സ്ത്രീ അവരുടെ സുരക്ഷിതത്വത്തെയും സ്വാതന്ത്ര്യത്തെയും സ്വയം നശിപ്പിക്കുകയാണ്.

ഈ വിഷയത്തിൽ കേരളത്തിലെ സ്ത്രീകൾ ബുദ്ധിപൂർവം തീരുമാനം എടുത്താൽ മാത്രമേ വനിതാദിനം അർത്ഥപൂർണ്ണമാവുകയുള്ളൂ. പെൺകുട്ടികളെ വിദ്യാസമ്പന്നരാക്കാൻ എടുക്കുന്ന അതേ പ്രാധാന്യത്തോടെ അവരെ വരുമാനം ഉള്ളവരാക്കാനും മാതാപിതാക്കൾ പിന്തുണ നൽകണം. പ്രാപ്യമായ മേഖലയിൽ സ്വയംപര്യാപ്തത നേടാനുള്ള ലക്ഷ്യബോധം ഓരോ പെൺകുട്ടിയും നേടണം. ഉന്നത വിദ്യാഭ്യാസം മാത്രമല്ല സ്വയം തൊഴിലിലൂടെ വരുമാനം ഉണ്ടാക്കാനും സാമ്പത്തിക സമത്വം നേടാനും സ്ത്രീകൾ മുന്നോട്ടു വരണം.

സാമ്പത്തിക സുരക്ഷയുള്ള സ്ത്രീക്ക് പ്രതിസന്ധികളെ സധൈര്യം നേടുന്നതിന് സാധിക്കും. സഹകരണ സ്ഥാപനങ്ങൾ പ്രത്യകിച്ച് കേരള ബാങ്ക് നമ്മുടെ സാധാരണക്കാരായ സഹോദരിമാർക്ക് ധാരാളം സംരംഭ വായ്പകളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

സ്ത്രീകളുടെ തൊഴിലവസരവും വരുമാനവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പാക്കാനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത വനിതകളിലൂടെ ഉറപ്പാക്കുന്നതിനുമായി 10 ൽ അധികം വായ്പകളാണ് കേരള ബാങ്ക് നിലവിൽ വനിതകൾക്ക് മാത്രമായി അനുവദിക്കുന്നത്.

കൂടാതെ വനിതകൾക്ക് സംരംഭം തുടങ്ങുന്നതിന് 5 ലക്ഷം രൂപ വരെ വായ്പ നൽകുന്ന വനിത പ്ലസ് ബിസിനസ് വായ്പയും കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടെയുള്ള വനിതകൾക്ക് ഇരുചക്ര വാഹനം വാങ്ങുന്നതിന് (ഇലക്ട്രിക് ഉൾപ്പെടെ) 2 ലക്ഷം രൂപ അനുവദിക്കുന്ന ഷീ ടുവീലർ വായ്പയും ഈ വനിത ദിനത്തോടനുബന്ധിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച പുതിയ വായ്പകളാണ്. പ്രത്യേക വായ്പ വിതരണ ക്യാമ്പയിൻ നടത്തി പരമാവധി വനിതകൾക്ക് തൊഴിലവസരവും വരുമാനവും ഉറപ്പാക്കാനും കേരള ബാങ്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കേരളത്തിലെ സഹകരണ ബാങ്കിന്റെ ഭരണ രംഗത്തെ സ്ത്രീ പങ്കാളിത്തം രാജ്യത്തിന് മാതൃകയാണ് കേരളത്തിലെ 1607 പ്രാഥമിക സഹകരണ ബാങ്കുകളിലും 37 ഫാർമേഴ്സ് ബാങ്കുകളിലുമായി 4932 വനിതകൾ ഡയറക്ടർമാരായിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിലെ സെക്ഷൻ 28(എ) അനുസരിച്ചാണ് കേരളം അഭിമാനകരമായ ഈ വനിതാ പ്രാതിനിധ്യം ഉറപ്പാക്കിയത്. സഹകരണ മേഖലയുടെ അഭിമാനമായ കേരള ബാങ്കിന്റെ ഡയറക്ടർ ബോർഡിൽ 3 വനിതകളാണുള്ളത്.

വൈവിധ്യങ്ങളെ വിലമതിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഒരു നല്ല സമൂഹം നമുക്ക് ഒരുമിച്ച് വളർത്തിയെടുക്കാം. സ്വയം പര്യാപ്തതയിലൂടെ സാമ്പത്തിക കെട്ടുറപ്പ് നേടുന്ന സ്ത്രീകളുടെ നേട്ടം നമുക്ക് ആഘോഷമാക്കാം – നല്ലൊരു ഭാവിക്കായി.

ഗോപി കോട്ടമുറിക്കൽ
പ്രസിഡന്റ്, കേരളബാങ്ക്

അന്താരാഷ്ട്ര വനിത ദിനത്തിൽ പുതിയ വായ്പ പദ്ധതികളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു

കേരള ബാങ്ക് അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ച് സ്ത്രീകൾക്കായി രൂപം നൽകിയ പുതിയ വായ്പ പദ്ധതികളായ ഷീ ടു വീലർ വായ്പ, വനിത പ്ലസ് വായ്പ എന്നിവയുടെ സംസ്ഥാന തല വിതരണോദ്ഘാടനം പാലക്കാട് ടോപ്പ് ഇൻ ടൗൺ ഹാളിൽ വച്ച് ബാങ്ക് ഭരണസമിതി അംഗം അഡ്വ. പുഷ്പദാസ് നിർവഹിച്ചു. ഭരണ സമിതി അംഗം ശ്രീമതി കെ. ജി. വത്സലകുമാരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഭരണ സമിതിയംഗം ശ്രീമതി നിർമ്മലാദേവി എസ്. മുഖ്യ പ്രഭാഷണം നടത്തി. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം ശ്രീ.പി.എ ഉമ്മർ.ഭരണ സമിതി അംഗം ശ്രീ. എ. പ്രഭാകരൻ എം.എൽ.എ, നബാർഡ് ഡി.ഡി.എം ശ്രീമതി കവിതാ റാം, ചീഫ് ജനറൽ മാനേജർ ശ്രീ. കെ.സി. സഹദേവൻ, എന്നിവർ ആശംസകൾ നേർന്നു. പാലക്കാട് റീജിയണൽ ജനറൽ മാനേജർ ശ്രീമതി പ്രീത കെ.മേനോൻ സ്വാഗതവും ക്രഡിറ്റ് പ്രോസസിംഗ് സെന്റർ ഡപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി ദീപ ജോസ് നന്ദിയും പറഞ്ഞു. ചടങ്ങിൽ കേരളത്തിലെ മികച്ച RDO ആയി തിരഞ്ഞെടുത്ത പാലക്കാട് RDO ശ്രീമതി D. അമൃതവല്ലി, സാമൂഹിക പ്രവർത്തക യും അകത്തേത്തറ പഞ്ചായത്ത് അംഗവുമായ ശ്രീമതി നസീമ, ഗവ. വിക്ടോറിയ കോളേജിലെ ഫിസിക്സ് അദ്ധ്യാപികയും സാഹിത്യകാരി യുമായ Dr. സുനിത ഗണേഷ് എന്നിവരെ ആദരിച്ചു. പാലക്കാട് ജില്ലയിൽ 112 സ്ത്രീകൾക്കായി 3.66 കോടി രൂപയുടെ വായ്പ വനിതാ ദിനത്തോടനുബന്ധിച്ച് വിതരണം ചെയ്തു.

വനിതകൾക്കായി കേരള ബാങ്ക് ആവിഷ്കരിച്ച പുതിയ വായ്പാ പദ്ധതികൾ

KB ഷീ ടൂ വീലർ വായ്പ (ഇലക്ട്രിക് ഉൾപ്പെടെ)

വായ്പ തുക	പരമാവധി 2 ലക്ഷം
പലിശ	9.75%
തിരിച്ചടവ് കാലാവധി	7 വർഷം
വയസ്സ്	18 - 65 വയസ്സ് വരെ

	ഗുണഭോക്താക്കൾ	ജാമ്യം
1	ഉദ്യോഗസ്ഥകൾ (സർക്കാർ / അർദ്ധസർക്കാർ സഹകരണ, പൊതു മേഖല)	ബാങ്ക് അംഗീകരിച്ച Recovery Undertaking അനുസരിച്ചുള്ള ശമ്പള സർട്ടിഫിക്കറ്റ് + വാഹനത്തിന്റെ ഹൈപ്പോത്തിക്കേഷൻ
2	സ്വകാര്യ മേഖലയിലെ ജീവനക്കാർ, തിരിച്ചടവ് ശേഷിയുള്ള കുടുംബശ്രീ CDS / ADS ചെയർ പേഴ്സൺ, ആശ വർക്കർ, അംഗൻവാടി ടീച്ചേഴ്സ്, LIC ഏജന്റ്സ് (വനിതകൾ), പോസ്റ്റൽ കളക്ഷൻ ഏജന്റ്സ്, ഓൺലൈൻ വ്യാപാര സ്ഥാപനത്തിലെ ജീവനക്കാർ, വനിതാ സംരംഭകർ	1) ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്ന രേഖയോടൊപ്പം (2) സർക്കാർ / അർദ്ധസർക്കാർ / സഹകരണ / സ്വകാര്യ / പൊതു മേഖല ജീവനക്കാർ / സംരംഭം / മറ്റു വരുമാനം ഉള്ള ഒരു വ്യക്തിയുടെ ജാമ്യം ആവശ്യമാണ് + വാഹനത്തിന്റെ ഹൈപ്പോത്തിക്കേഷൻ.
3	വിദ്യാർത്ഥിനികൾ, ഗവേഷണ വിദ്യാർത്ഥിനികൾ, സ്വന്തമായി വരുമാനം ഇല്ലാത്ത മറ്റു വനിതകൾ	വരുമാനമില്ലാത്ത വിദ്യാർത്ഥിനികളും, സ്ത്രീകളും സർക്കാർ / അർദ്ധസർക്കാർ സഹകരണ, പൊതു മേഖലയിൽ ജോലിയുള്ള അച്ഛൻ / ഭർത്താവ് / അമ്മ / സഹോദരൻ / സഹോദരി എന്നിവരെ സഹബാധ്യസ്ഥരായി ചേർത്ത് അവരുടെ വരുമാനം സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ് + വാഹനത്തിന്റെ ഹൈപ്പോത്തിക്കേഷൻ

വാഹനവിലയുടെ 90% വരെ വായ്പ അനുവദിക്കാം.

KB വനിത പ്ലസ് - വനിത ബിസിനസ് വായ്പ - വനിതകൾക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന്

വായ്പ തുക	5 ലക്ഷം രൂപ	ജാമ്യം :-വനിത പ്ലസ് - വനിത ബിസിനസ് വായ്പയ്ക്ക് വായ്പക്കാരിയുടെയോ ജാമ്യക്കാരന്റെയോ പേരിലുള്ള പൊസഷൻ സർട്ടിഫിക്കറ്റ്, വസ്തുവിന്റെ കരം അടച്ച രസീത് ഇവ ആവശ്യമാണ്. വായ്പക്കാരിക്ക് സ്വന്തം പേരിൽ വസ്തു ഇല്ലെങ്കിൽ ഭർത്താവ് / അച്ഛൻ / അമ്മ / സഹോദരൻ / സഹോദരിയുടെ പേരിലുള്ള വ്യക്തിഗത വസ്തു ജാമ്യം ആവശ്യമാണ്. വായ്പ ഉപയോഗിച്ച് വാങ്ങുന്ന / നിർമ്മിക്കുന്ന ഉപകരണങ്ങൾ.
പലിശ	9.75%	
തിരിച്ചടവ് കാലാവധി	7 വർഷം	
വയസ്സ്	18 - 65 വയസ്സ്	
ഗുണഭോക്താക്കൾ	വനിത സംരംഭകർ	

പദ്ധതി ചെലവിന്റെ 90% വരെ വായ്പ അനുവദിക്കാം.

വനിത പ്ലസ് ബിസിനസ് വായ്പയുടെ ഉപവിഭാഗങ്ങൾ

എ) ഫുഡ് കേറ്ററിംഗ് ബിസിനസ് ആവശ്യങ്ങൾക്ക്

വായ്പ തുക	പരമാവധി 1 ലക്ഷം
പലിശ	9.75%
തിരിച്ചടവ് കാലാവധി	5 വർഷം
വയസ്സ്	18 - 65 വയസ്സ് വരെ
ഗുണഭോക്താക്കൾ	വനിത സംരംഭകർ

ബി) ബ്യൂട്ടി പാർലർ, തയ്യൽ, ട്യൂഷൻ, ഡേ കെയർ തുടങ്ങുന്നിന്

വായ്പ തുക	പരമാവധി 2 ലക്ഷം
പലിശ	9.75%
തിരിച്ചടവ് കാലാവധി	5 വർഷം
വയസ്സ്	18 - 65 വയസ്സ് വരെ
ഗുണഭോക്താക്കൾ	വനിത സംരംഭകർ

സി) വാർഷിക കുടുംബ വരുമാനം 45000/- ൽ കുറഞ്ഞവർക്ക് സംരംഭം തുടങ്ങാൻ

വായ്പ തുക	പരമാവധി 1 ലക്ഷം
പലിശ	9.75%
തിരിച്ചടവ് കാലാവധി	5 വർഷം
വയസ്സ്	18 - 65 വയസ്സ് വരെ
ഗുണഭോക്താക്കൾ	വനിത സംരംഭകർ

വനിതാ ദിന ആഘോഷം - ജില്ലകളിലൂടെ

കേരള ബാങ്ക് തിരുവനന്തപുരം CPC യുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാ ദിനത്തിൽ സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി IAS പത്മശ്രീ ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയെ ആദരിക്കുന്നു

വനിതാ ദിനത്തോടനുബന്ധിച്ച് കേരള ബാങ്ക് കൊല്ലം CPC യുടെ ആഭിമുഖ്യത്തിൽ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സുമലാൽ ശ്രീമതി KPAC ലീലയെ ആദരിക്കുന്നു.ബാങ്ക് ഡയറക്ടർ അഡ്വ.ജി. ലാലു സമീപം.

കേരള ബാങ്ക് ആലപ്പുഴ റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ബാങ്ക് ഡയറക്ടർ, ശ്രീ.എം. സത്യപാലൻ മുതിർന്ന വനിത സ്വാതന്ത്ര്യ സമര സേനാനി, ശ്രീമതി പി. കെ. മേദിനിയെ ആദരിക്കുന്നു.

പത്തനംതിട്ട CPC യിൽ നടന്ന ചടങ്ങിൽ സാമൂഹ്യ പ്രവർത്തക, ഡോ.എം.എസ് സുനിലിനെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി കെ. എൻ. ഉഷാ കുമാരി ആദരിക്കുന്നു. ബാങ്ക് ഡയറക്ടർ, ശ്രീമതി നിർമ്മലാ ദേവി സമീപം.

ഇടുക്കി ഇടമലക്കുടി ആദിവാസി ഊരിലെ അധ്യാപിക ശ്രീമതി ശ്യാമള ടീച്ചറിന് കേരള ബാങ്ക് ഇടുക്കി CPC യുടെ ആദരം.

കോട്ടയം സി.പി.സി.യിൽ നടന്ന വനിതാ ദിനാഘോഷവും വായ്പ വിതരണവും ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി ബീന വി. ബി. ഉദ്ഘാടനം ചെയ്യുന്നു.

കോഴിക്കോട് കോർപ്പറേഷന്റെയും കേരള ബാങ്ക് സി.പി.സി.യുടേയും ആഭിമുഖ്യത്തിൽ വനിതാ സംരംഭങ്ങൾക്കുള്ള വായ്പാ വിതരണം മേയർ ഡോ. ബീന ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു അധ്യക്ഷത വഹിച്ചു.

വനിതാ സംരംഭക വായ്പ വിതരണത്തിന്റെ കാസറഗോഡ് ജില്ലാ തല ഉത്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സി എ ഷൈമ നിർവഹിക്കുന്നു. ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എ. കൃഷ്ണൻ, ഏരിയ മാനേജർ ശ്രീമതി ബി ഷക്കീല എന്നിവർ സംബന്ധിച്ചു.

അന്തർ ദേശീയ വനിതാ ദിനത്തിൽ വനിതാ സംരംഭകർക്കുള്ള വായ്പ വിതരണം തൃശ്ശൂരിൽ കേരള ബാങ്ക് ജനറൽ മാനേജർ ശ്രീ.ജോളി ജോൺ നിർവ്വഹിക്കുന്നു.

എറണാകുളം CPCയുടെ ആഭിമുഖ്യത്തിൽ നടന്ന വനിതാദിനാചരണ ചടങ്ങിൽ തൃക്കാക്കര നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി സ്മിത സണ്ണി സംസാരിക്കുന്നു. ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.ഷാജു പി.ജോർജ്ജ് സമീപം

വനിത സംരംഭ വായ്പ വിതരണം കണ്ണൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീമതി എൻ.സുകന്യ ഉദ്ഘാടനം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ ശ്രീമതി കെ. ജി. വത്സലകുമാരി അധ്യക്ഷയായി.

വയനാട് സിപിസിയിൽ നടന്ന വനിതാ ദിനാഘോഷവും വായ്പ വിതരണവും അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി എമി പോൾ ഉദ്ഘാടനം ചെയ്യുന്നു. നബാർഡ് എജിഎം, ശ്രീമതി ജിഷ വി, വയനാട് എൽഡിഎം, ശ്രീ. സി. ബിപിൻ മോഹൻ, കേരള ബാങ്ക് DGM ശ്രീ. നവനീത്കുമാർ എൻ. എന്നിവർ സമീപം.

സാന്ത്വന സ്പർശമായ് കേരള ബാങ്ക് ജീവനക്കാർ

വിധവയായ വീട്ടമ്മയുടെ കുടുംബത്തിന്റെ കടബാധ്യത സ്വന്തം ശമ്പളത്തിൽ നിന്നും അടച്ച് തീർത്ത് കേരള ബാങ്ക് ജീവനക്കാർ. ആലുവ മുപ്പത്തടം തോപ്പിലക്കാട്ട് പരേതനായ ബിനു ടി.സിയുടെ വായ്പ ബാധ്യതയാണ് കേരള ബാങ്ക് ആലുവ പാലസ് റോഡ് ബ്രാഞ്ചിലെ ജീവനക്കാർ ഒത്തുചേർന്ന് അടച്ച് തീർത്തത്. ബിനുവിന്റെ ഭാര്യ സുജി അർബുദ ബാധിതയായതിനാൽ ചികിത്സയിലാണ്. ബ്രാഞ്ചിൽ നടന്ന ചടങ്ങിൽ സുജി ഏക മകൻ അർജ്ജുൻ എന്നിവർക്ക് ഈടുവസ്തുവായ വീടിന്റെ പ്രമാണം ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ കൈമാറി. റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ പങ്കെടുത്തു. 2012ൽ ഭവന നിർമ്മാണത്തിനായാണ് ബിനു കേരള ബാങ്കിൽ നിന്നും മൂന്ന് ലക്ഷം രൂപ വായ്പ എടുത്തത്. 2017ൽ ഹൃദയാഘാതത്തെ തുടർന്ന് ബിനു മരണപ്പെട്ടതോടെ കുടുംബം ദുരിതത്തിലാവുകയായിരുന്നു. ഇടയാറിൽ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജീവനക്കാരിയായ സുജി അസുഖബാധിതയായതോടെ ഇവരുടെ ദുരിതം കേട്ടറിഞ്ഞ ബാങ്ക് ജീവനക്കാർ സഹായിക്കാൻ തീരുമാനിക്കുകയായിരുന്നു

പക്ഷാഘാതം സംഭവിച്ച് ജീവിതം പ്രതിസന്ധിയിലായ കൊല്ലം ചെമ്മനാട് സ്വദേശിനി ജയശ്രീക്ക് ജില്ലയിലെ വനിതാ ജീവനക്കാരുടെ കൈത്താങ്ങ്. ബാങ്കിന്റെ അഞ്ചാലുംമൂട് മെയിൻ ശാഖയിൽ നിന്നെടുത്ത വായ്പയിൽ കുടിശ്ശിക ആയ 2,10000 രൂപ വനിതാ ജീവനക്കാർ മുൻ കൈ എടുത്ത് സമാഹരിക്കുകയും പ്രമാണം തിരികെ എടുത്ത് വനിതാ ദിനത്തിൽ ജയശ്രീക്ക് കൈമാറുകയും ചെയ്തു. ചടങ്ങിൽ ബാങ്ക് ഡയറക്ടർ അഡ്വ. ജി ലാലു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സുമലാൽ എന്നിവർ സംബന്ധിച്ചു.

വനിതാദിനത്തിൽ തിരുവനന്തപുരം കഠിനംകുളം ശാഖയിൽ നിർദ്ധനയും വിധവയുമായ വായ്പക്കാരിയുടെ വായ്പ ജീവനക്കാരുടെ സഹായത്തോടെ അടച്ചുതീർത്ത് പ്രമാണം മടക്കി നൽകുന്നു.

തിരിച്ചടവിന് ശേഷിയില്ലെന്ന് ബോധ്യപ്പെട്ട 50ൽ അധികം ഇടപാടുകാരുടെ വായ്പയാണ് 2021 ഡിസംബർ മുതൽ ഇതുവരെ കേരള ബാങ്കിന്റെ വിവിധ ശാഖകളിലൂടെ ജീവനക്കാർ മുൻകൈ എടുത്ത് കുടിശ്ശിക തീർത്ത് പ്രമാണം തിരികെ നൽകിയത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'Be The Number One' ക്യാമ്പയിന്റെയും കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളുടെയും ഭാഗമായിട്ടാണ് ഈ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നത്.

രമേഷ് കെ.എ.
പ്രോജക്ട് സ്പെഷ്യലിസ്റ്റ്

സഹകരണ പ്രസ്ഥാനത്തിന്റെ ലഘു ചരിത്രം

ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും, എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും പ്രവർത്തിക്കുന്നതാണ് സഹകരണം. ഇത് മനുഷ്യ കുലത്തോളം പഴക്കമുള്ള ആശയമാണ്. ഈ ആശയത്തിന് സംഘടനാ രൂപം കൈവരുന്നത് 18-ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലും 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായാണ്. ഇക്കാലയളവിലാണ് യൂറോപ്പിൽ വ്യവസായ വിപ്ലവം നടക്കുന്നത്. വ്യവസായ വിപ്ലവത്തിന്റെ അനന്തര ഫലമായി തൊഴിലിടങ്ങളിൽ നിന്നും വ്യാപകമായി തൊഴിലാളികൾ ഒഴിവാക്കപ്പെട്ടു. തൊഴിലാളികൾക്കുപകരം ആ സ്ഥാനത്ത് യന്ത്രങ്ങൾ വന്നു. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട തൊഴിലാളികൾ അതിജീവനത്തിനായി സഹകരണ സംഘങ്ങൾ രൂപീകരിക്കാനാരംഭിച്ചു. രേഖാപ്രകാരമുള്ള ആദ്യത്തെ സഹകരണ സംഘം നിലവിൽവന്നത് 1769-ലാണ്. സ്കോട്ട്ലന്റിലെ ഫെൻവിക് എന്ന സ്ഥലത്ത് തൊഴിൽ നഷ്ടപ്പെട്ട ഒരു കൂട്ടം നെയ്ത്ത് തൊഴിലാളികൾ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച ഫെൻവിക് വീവേഴ്സ് സൊസൈറ്റി ആണ് ലോകത്തിലെ ആദ്യത്തെ സഹകരണ സംഘമായി അറിയപ്പെടുന്നത്.

നിയമങ്ങളുടേയും തത്വങ്ങളുടേയും അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത് 1844-ൽ ഇംഗ്ലണ്ടിൽ 'റോക്ഡെയിൽ ഈക്വിറ്റബിൾ പയനിയേഴ്സ് സൊസൈറ്റി' രൂപീകരിക്കുന്ന തോടെയാണ്. വ്യവസായവത്ക്കരണത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട നെയ്ത്ത് തൊഴിലാളികൾ തന്നെയാണ് ഈ സഹകരണ സംഘവും ആരംഭിച്ചത്. ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ ഒന്നിച്ചുള്ള വാങ്ങലും, വിപണ

നവുമാണ് ഇവർ നടത്തിവന്നത്. വായ്പാ സഹകരണ സംഘങ്ങൾ ആദ്യമായി ആരംഭിക്കുന്നത് ജർമ്മനിയിലാണ്. 1852-ൽ നഗര പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി ആരംഭിച്ച ഷൂൾസ്-ഡെലിറ്റ്സ് സംഘമാണ് ഇത്തരത്തിൽ ആദ്യത്തേത്. 1864-ൽ ഗ്രാമീണ ജനതക്കായി റൈഫീഷ്യൻ മോഡൽ വായ്പാ സഹകരണ സംഘങ്ങളും രൂപീകരിക്കപ്പെട്ടു.

സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്നത് ശ്രീ. റോബർട്ട് ഓവൻ (1771-1858) ആണ്. ദയനീയ ചുറ്റുപാടിൽ ജീവിച്ചിരുന്ന സ്കോട്ട്ലന്റിലെ കോട്ടൺ മില്ലുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായയാണ് അദ്ദേഹം സഹകരണ സംഘങ്ങൾ സംഘടിപ്പിച്ചത്. സഹകരണമെന്ന ആശയത്തെ കൂടുതൽ പ്രായോഗികമായ രീതിയിൽ അവതരിപ്പിച്ചത് ഡോ. വില്യംകിങ്ങ് (1786-1865) ആണ്. സഹകരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് അദ്ദേഹം 'ദി കോ-ഓപ്പറേറ്റർ' എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു. 1828 മെയ് മാസമാണ് ഇതിന്റെ ഒന്നാമത്തെ പതിപ്പ് പുറത്തിറങ്ങുന്നത്. ഇത്തരത്തിലുള്ള ആശയ പ്രചരണങ്ങളുടെ ഭാഗമായി 1863-ഓടെ ഇംഗ്ലണ്ടിൽ വ്യാപകമായ തോതിൽ സഹകരണ മൊത്ത വ്യാപാര സ്റ്റോറുകൾ ആരംഭിച്ചു.

1895-ലാണ് സഹകരണ സംഘങ്ങളുടെ ആഗോള സംഘടനയായ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലൈൻസ് (ICA) രൂപീകൃതമാകുന്നത്. സ്വിറ്റ്സർലന്റിലെ ജനീവയാണ് ICA യുടെ ആസ്ഥാനം. ലോകത്തെ 107 രാജ്യങ്ങളിൽ നിന്നുള്ള സഹകരണ സംഘങ്ങൾ ICA-യിൽ അംഗത്വം എടുത്തിട്ടുണ്ട്. ഈ സഹകരണ സ്ഥാപനങ്ങളെല്ലാം ചേർന്ന് ലോകത്തെ 100 കോടി ജനങ്ങളെ പ്രതിനിധീകരിക്കുന്നതായാണ് കണക്ക്. 10 കോടിയിലേറെ ജനങ്ങൾക്ക് സഹകരണ പ്രസ്ഥാനത്തിലൂടെ തൊഴിലും, വരുമാന മാർഗ്ഗവും ലഭിക്കുന്നു. ആഗോളതലത്തിൽ സഹകരണ പ്രസ്ഥാനത്തിന് ദിശാബോധവും, മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നത് ICA ആണ്. ICA അംഗീകരിച്ച സഹകരണ തത്വങ്ങൾ 7 എണ്ണമാണ്. അവ താഴെ പറയുന്നവയാണ്.

1. തുറന്നതും സ്വമേധയാ ഉള്ളതുമായ അംഗത്വം.
2. അംഗങ്ങളുടെ ജനാധിപത്യ നിയന്ത്രണം.
3. അംഗങ്ങളുടെ സാമ്പത്തിക പങ്കാളിത്തം.
4. സ്വയംഭരണവും, സ്വാതന്ത്ര്യവും.
5. വിദ്യാഭ്യാസം, പരിശീലനം, വിവരകൈമാറ്റം.
6. സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം.
7. സാമൂഹ്യ പ്രതിബദ്ധത

മേൽ പ്രസ്താവിച്ച സഹകരണ തത്വങ്ങളിലൂന്നിയാണ് ലോകത്താകമാനം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

2012 വർഷം ഐക്യരാഷ്ട്ര സംഘടന (UN) അന്തർദ്ദേശീയ സഹകരണ വർഷമായി പ്രഖ്യാപിക്കുകയുണ്ടായി. മികവാർന്ന ലോക സൃഷ്ടിക്ക് സഹകരണ പ്രസ്ഥാനം എന്നതായിരുന്നു മുദ്രാവാക്യം. ലോകത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ സഹകരണ പ്രസ്ഥാനം നൽകിയ സംഭാവനകളെ മുൻനിർത്തിയായിരുന്നു ഈ തീരുമാനം ഉണ്ടായത്. സുസ്ഥിര വികസനം, ദാരിദ്ര്യ ലഘൂകരണം, തൊഴിൽ സൃഷ്ടിക്കൽ, സാമൂഹിക ഐക്യം കെട്ടിപ്പടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ സഹകരണ പ്രസ്ഥാനം ഉണ്ടാക്കിയെടുത്ത സവിശേഷ നേട്ടങ്ങളെ ഐക്യരാഷ്ട്ര സംഘടന ഈ തീരുമാനത്തിലൂടെ ഉയർത്തിപ്പിടിക്കുകയും നീതിപൂർവ്വമായ വികസനത്തിന് സഹകരണ പ്രസ്ഥാനം എന്ന ആശയത്തിലേക്ക് ലോക രാഷ്ട്രങ്ങളെ ആഹ്വാനം ചെയ്യുകയുമുണ്ടായി.

സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ

ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഇന്ത്യയിലെ സാധാരണ കർഷകരുടെ സ്ഥിതി അതീവ ദയനീയമായിരുന്നു. കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു അവർ. ജന്മിമാരുടെയും, വട്ടിപ്പലിശക്കാരുടെയും ചൂഷണത്തിന് വിധേയമായി ജീവിതം തള്ളി നീക്കിയ അത്തരക്കാരുടെ ഉന്നമനത്തിനായാണ് ഇന്ത്യയിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നത്. 1892-ൽ അന്നത്തെ മദ്രാസ് സർക്കാർ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ശ്രീ. ഫ്രെഡറിക് നിക്കോൾസനെ ചുമതലപ്പെടുത്തി. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ തുടങ്ങാനുള്ള നിർദ്ദേശവുമായി അദ്ദേഹം 1895-ൽ റിപ്പോർട്ട് നൽകി. 1901-ൽ രൂപീകരിച്ച ഫാമിൻ കമ്മീഷനും ഇതേ രീതിയിലുള്ള നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ടാണ് സർക്കാരിന് നൽകിയത്. ഇതേ തുടർന്ന് 1904-ൽ ഇന്ത്യയിലെ ആദ്യത്തെ സഹകരണ സംഘം നിയമം നിലവിൽ വന്നു. 1904-ലെ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്ട് എന്നാണ് ഈ നിയമം അറിയപ്പെടുന്നത്. ഈ നിയമ പ്രകാരം കാർഷിക വായ്പാ സംഘങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാൻ കഴിയുമായിരുന്നുള്ളൂ. ഈ ന്യൂനത പരിഹരിച്ച് എല്ലാ തരത്തിലുമുള്ള സഹകരണ സംഘങ്ങളുടെയും രൂപീകരണം ലക്ഷ്യമാക്കി 1912-ൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് നിലവിൽവന്നു. 1919-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ

ആക്ട് പ്രകാരം സഹകരണം ഒരു സംസ്ഥാന വിഷയമാക്കി. ഇതേ തുടർന്ന് ഓരോ സംസ്ഥാനങ്ങളും അവരുടേതായ സഹകരണ നിയമങ്ങൾ പാസ്സാക്കാനാരംഭിച്ചു. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ 5300 സഹകരണ സംഘങ്ങൾ മാത്രമാണ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. സ്വാതന്ത്യാനന്തര ഇന്ത്യയിൽ രാജ്യത്തെ ആസൂത്രണ പ്രക്രിയയിൽ സഹകരണ പ്രസ്ഥാനത്തിന് പ്രഥമ പരിഗണന ലഭിച്ചിരുന്നു. ഇന്ത്യയുടെ പ്രധാന മന്ത്രിയായിരുന്ന ശ്രീ. ജവഹർലാൽ നെഹ്റു സഹകരണ പ്രസ്ഥാനത്തെ ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയായി പരിഗണിച്ച് വേണ്ട സഹായങ്ങൾ നൽകി. ഇത്തരത്തിൽ സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ പടർന്ന് പന്തലിച്ച ഒരു മഹാ പ്രസ്ഥാനമായി മാറി. ഇന്ന് ഇന്ത്യയിൽ 9 ലക്ഷത്തോളം സഹകരണ സംഘങ്ങൾ ഉണ്ട്, ഏകദേശം 29 കോടിയോളം ജനങ്ങൾ ഇവയിൽ അംഗങ്ങളായുണ്ട്. ഇന്ത്യയിലെ 100 ശതമാനം ഗ്രാമങ്ങളിലും സഹകരണ പ്രസ്ഥാനത്തിന് കടന്നു ചെല്ലാനായിട്ടുണ്ട്. ലോകത്തുതന്നെ ഏറ്റവും കൂടുതൽ ജനങ്ങളെ ഉൾക്കൊള്ളുന്ന സഹകരണ പ്രസ്ഥാനം ഇന്ത്യയിലേതാണ്.

സഹകരണ പ്രസ്ഥാനം കേരളത്തിൽ

സ്വാതന്ത്ര്യത്തിന് മുൻപ് കേരളത്തിൽ കൊച്ചിൻ സഹകരണ സംഘം നിയമം, തിരുവിതാംകൂർ സഹകരണ സംഘം നിയമം, മലബാർ പ്രദേശത്ത് മദ്രാസ് സഹകരണ സംഘം നിയമം എന്നിവ നിലവിലുണ്ടായിരുന്നു. ഈ മൂന്ന് നിയമങ്ങൾക്കും കീഴിൽ മൊത്തം രജിസ്റ്റർ ചെയ്തിരുന്ന സംഘങ്ങളുടെ എണ്ണം 1669 ആയിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം 1952-ൽ കൊച്ചിൻ-തിരുവിതാംകൂർ സഹകരണ സംഘം നിയമം നിലവിൽവന്നു. ഭാഷാടിസ്ഥാനത്തിൽ 1956-ൽ കേരളം രൂപീകരിക്കപ്പെട്ടതിനുശേഷം 1969-ലാണ് സമഗ്രമായ കേരള സഹകരണ സംഘം നിയമവും, ചട്ടങ്ങളും നിലവിൽ വരുന്നത്.

കേരളത്തിൽ 1957 മുതൽ നിലവിലിരുന്ന ജനകീയ സർക്കാരുകളുടെ ഇടപെടലുകൾ മൂലവും, കേരളത്തിന്റെ ഉയർന്ന സാക്ഷരതയും, പുരോഗമന കാഴ്ചപ്പാടുകളും സഹകരണ പ്രസ്ഥാനത്തെ കരുത്താർജ്ജിപ്പിച്ചു. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും നമുക്ക് സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ കഴിഞ്ഞു. 2022-ലെ കണക്കു പ്രകാരം കേരളത്തിൽ സഹകരണ രജിസ്ട്രാറുടെ കീഴിൽ 16255 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. കൂടാതെ 7500-ലേറെ വ്യവസായ സഹകരണ സംഘങ്ങളും കേരളത്തിലുണ്ട്. നമ്മുടെ സഹകരണ രംഗത്ത് ഏറ്റവും ശക്തമായത് വായ്പാ സഹകരണ സംഘങ്ങളാണ്. സഹകരണ ബാങ്കിംഗ് രംഗത്ത് നമുക്ക് 2.50 ലക്ഷം കോടി രൂപയുടെ നിക്ഷേപവും 1.50 ലക്ഷം കോടി രൂപയുടെ വായ്പയുമുണ്ട്. ഇന്ത്യയിലെ സഹകരണ നിക്ഷേപത്തിന്റെ 60 ശതമാനവും കേരളത്തിലെ സഹകരണ ബാങ്കുകളാണ് കൈകാര്യം ചെയ്യുന്നത്. 2019 നവംബറിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് രൂപീകരിച്ച കേരള ബാങ്കാണ് ഇന്ന് രാജ്യത്തെയും, ഏഷ്യയിലെ തന്നെയും ഏറ്റവും വലിയ സഹകരണ ബാങ്ക്.

കേരള ബാങ്കിന്റെ മലപ്പുറം ഓഫീസ് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ വാസവൻ സന്ദർശിച്ചപ്പോൾ. സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി IAS, സഹകരണസംഘം രജിസ്ട്രാർ ശ്രീ. സുഭാഷ് IAS, ഓഡിറ്റ് ഡയറക്ടർ ശ്രീമതി ഷെറിൻ.M.S IA & AS എന്നിവരും മന്ത്രിയോടൊപ്പം സന്നിഹിതരായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയേയും ഉദ്യോഗസ്ഥരേയും ബാങ്ക് CEO ശ്രീ.പി.എസ് രാജൻ, CGM ശ്രീ. K C സഹദേവൻ എന്നിവർ ചേർന്ന് സ്വീകരിച്ചു.

NAFSCOB വൈസ് ചെയർമാനും ഉത്തരാഖണ്ഡ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർമാനുമായ ശ്രീ. ധ്യാൻ സിംഗ് റാവത്തിനെ കേരള ബാങ്ക് ഹെഡ് ഓഫീസിൽ ആദരിച്ചപ്പോൾ

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന PACS as MSc പദ്ധതിയെക്കുറിച്ച് മലപ്പുറം ജില്ലയിലെ തിരഞ്ഞെടുത്ത സംഘങ്ങൾക്ക് സെമിനാർ നടത്തി. ബാങ്കിന്റെ BDPI സെൽ റിസോഴ്സ് പേഴ്സൺ ശ്രീ. എസ്. കുമാർ, ജനറൽ മാനേജർ ഫിറോസ് ഖാൻ പി. എം. പാലക്കാട് ജനറൽ മാനേജർ ശ്രീമതി പ്രീത കെ. മേനോൻ പ്രോജക്ട് സ്പെഷ്യലിസ്റ്റ് ശ്രീ. രമേഷ് കെ.എ., എന്നിവർ സംബന്ധിച്ചു.

Vidya Resmi C V
Agricultural Officer, HO

OYSTER MUSHROOM CULTIVATION

Farming in Kerala is characterized by small, marginal and fragmented landholdings and is highly depended on monsoon showers. In the present scenario, major challenges and issues in agriculture are the occurrence of flood, drought, high cost and meager availability of quality seeds, fertilizers, lack of marketing facilities, low storage and processing facilities etc. Hence farmers cannot remain solely dependent on agriculture for their livelihood, and if crop fails, there should be a source of subsidiary income for farmers. Such a remuneration option is mushroom cultivation that does not evolve the capital land and it can be quickly done by any farmer in rural and urban setting. Mushroom being an indoor crop provides vast opportunities for empowering rural and urban women through cultivation, production of value-added products and marketing. Mushrooms have been used throughout the world both as food and medicine for thousands of years. They are rich source of nutrition and form a major chunk of health foods. The climate of Kerala supports cultivation of mushroom. The main advantage of mushroom is that it does not require soil for growth. It can be cultivated from bio-wastes. The availability of agricultural waste and weather conditions in the State are suited for mushroom cultivation.

Oyster Mushrooms

Mushrooms are basically fungal organisms. Oyster mushroom (Pleurotus species) popularly known as `chippykoon' in Kerala grows naturally on temperate and tropical forests on dead and decaying wooden logs or on dying trunks or on decaying organic matter. The fruit bodies of this mushroom is distinctly spatula or shell shaped and hence the name oyster mushroom. Oyster mushrooms are the cheapest and easiest to grow among all the cultivated edible mushrooms. The crop has got a number of varieties varying in shape, colour, texture and aroma which can be cultivated throughout the year under varied agro-climatic conditions. About 5 -6 crops can be taken on a year as the total cropping period is 60 days.

Oyster mushrooms can be grown at moderate temperature ranging from 20 degree Celsius to 30 degree Celsius and humidity 55 to 70 per cent. It can also be cultivated in summer months by providing the extra humidity required for its growth. In hilly areas above 900 metres (mean sea level), the best growing season is during March/ April to September/October and the lower regions from September/ October to March/April.

Cultivation Technique

The procedure for oyster mushroom cultivation can be divided into mainly four steps:

1.Spawn procurement

Fresh Spawn or mushroom seed is needed for inoculation or sterilised substrate. Spawn can be purchased from reliable mushroom centres, KVKs, Agricultural Universities etc.

2 Substrate preparation

Paddy straw is the most commonly used substrate for oyster mushroom. Paddy straw must be prepared for spawning using different methods. Hot water treatment is suitable for a small farm. The straw strength should be approximately 5 to 10 cm (2 to 4 inches), soak in potable water for 5 hours and then on boiled water for one hour. Then drain water and air dry to 65per cent moisture.

3.Spawning of substrate or preparation of bag

Use 60 x 30 cm poly propylene bags (both sides open). Keep bed moist by periodical spraying of water. Tie one end of bag. Put handful of cooked straw in bag to 5 cm height and sprinkle spawn layer straw to a height of 25 cm. Sprinkle spawn (about 25 g). Repeat the process to get four layers of spawn and five layers of straw. Tie mouths and arrange beds on tiers in spawn running room. After 15 to 25 days, cut open and remove bag and transfer the bed to cropping room.

4.Harvest

Pinheads appear within 3 to 5 days of opening of beds and mature in three days. Harvest matured mushrooms. We can expect three or more crops, each taking around a week or so to mature.

More than 500 kg of fresh mushrooms per ton of straw can be obtained in case of crop produced in 45 to 60 days. Fresh mushrooms are packed in perforated polythene bags and they can be stored at low temperature (0 to 5 degree Celsius) for one to two weeks without loss in quality. They can be stored for up to 40 hours without refrigation.

For a small scale mushroom unit with annual production of 400 kg, a 300 square feet growing room is sufficient. The cost components for such a unit will come up to around Rs.49,790/- (including land development).

The Government of India under RKVY scheme provides financial assistance for small scale mushroom units, hi-tech units, value addition units and small scale mushroom spawn production units. Financial assistance for mushroom cultivation would be provided at 40 per cent of total cost of Rs 28,125/- per unit with a limit of Rs 11,250/- for establishment of 80 to 100 beds per cycle with a yield of 400 to 500 kilogram mushrooms per year. Kerala Agricultural University and Krishi Vigyan Kendras (KVKs) are giving full training about the cultivation of mushroom and related business. They also produce good quality spawn and make it available to farmers.

മലപ്പുറത്ത് 20.48 കോടിയുടെ
പ്രവാസി വായ്പ

മടങ്ങിയെത്തിയ പ്രവാസികളുടെ അതിജീവനത്തിനായി സംഘടിപ്പിച്ച വായ്പ മേളയിൽ ഒരു ദിവസം 20.48 കോടി രൂപയുടെ സംരംഭക വായ്പ അനുവദിച്ച് കേരള ബാങ്ക്. നോർക്ക റൂട്ട്സും കേരള ബാങ്കും സംയുക്തമായി മലപ്പുറം നഗരസഭ ടൗൺ ഹാളിൽ സംഘടിപ്പിച്ച പ്രവാസി വായ്പമേളയിലാണ് ജില്ലയിലെ പ്രവാസികൾക്കായി 20.48 കോടി രൂപയുടെ വായ്പ അനുമതി പത്രം കൈമാറിയത്. നോർക്ക റൂട്ട്സ് റെസിഡന്റ് വൈസ് ചെയർമാൻ ശ്രീ. പി. ശ്രീരാമകൃഷ്ണൻ മേള ഉദ്ഘാടനം ചെയ്തു. കേരള ബാങ്ക് ഭരണസമിതിയംഗം ശ്രീ. സാബു എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ആദ്യ വായ്പ അനുമതിപത്രം മലപ്പുറം നഗരസഭ ചെയർമാൻ ശ്രീ. മുജീബ് കടേരി വിതരണം ചെയ്തു. കേരള ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം ശ്രീ. പി.എ ഉമ്മർ, നോർക്ക റൂട്ട്സ് സി. ഇ.ഒ ശ്രീ. കെ. ഹരികൃഷ്ണൻ നമ്പൂതിരി, കൗൺസിലർ ശ്രീ. പി.എസ്.എ ഷെബീർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഒ.സഹദേവൻ എന്നിവർ പങ്കെടുത്തു. പ്രവാസികൾക്ക് സൂക്ഷ്മ ഇടത്തരം ചെറുകിട രംഗത്തും കാർഷിക-കാർഷികാനുബന്ധ മേഖലകളിലും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പകളാണ് നോർക്ക റൂട്ട്സ് മുഖേന കേരള ബാങ്ക് അനുവദിക്കുന്നത്. വായ്പകൾക്ക് മൂന്ന് ശതമാനം വരെ പലിശ സബ്സിഡിയും പരമാവധി മൂന്ന് ലക്ഷം വരെ ക്യാപിറ്റൽ സബ്സിഡിയുമാണ് ലഭ്യമാകുക.

പ്രവാസി സംരംഭകർക്കായി നോർക്ക റൂട്ട്സും കേരള സംസ്ഥാന സഹകരണ ബാങ്കും കോഴിക്കോട് റീജിയനും സംയുക്തമായി സംഘടിപ്പിച്ച വായ്പാ മേള കേരള ബാങ്ക് ഡയറക്ടർ ശ്രീ.ഇ രമേശ് ബാബു ഉദ്ഘാടനം ചെയ്യുന്നു. വായ്പാ മേളയിൽ 203 സംരംഭങ്ങൾക്കായി 18.22 കോടി രൂപയുടെ വായ്പാ അനുമതി നൽകി

Sheeja J
Manager
GBT Department, H.O.

THE DEPOSITOR EDUCATION AND AWARENESS FUND SCHEME-2014

RBI established Depositor Education and Awareness Fund (DEAFund) under Section 26 A of BR Act 1949, under which the amount to the credit of any account in India with any Bank which has not been operated upon for a period of 10 years, or any deposit or any amount remain unclaimed for more than 10 years shall be credited to the Fund, within a period of three months from the expiry of the said period of 10 years. The bank would be liable to pay the amount to the depositor/claimant and claim refund of such amount transferred to the fund in respect of such deposits along with interest payable, if any, from the Fund.

DEAF shall be utilised for promotion of depositors' interest and for such other purposes considered necessary for the promotion of depositors' interests as specified by RBI from time to time. However, the provisions of Section 26 A do not prevent a depositor from claiming his/her deposit or operating his/her account or deposit after the period of ten years and the banking company should pay the deposit amount and claim refund of such amount from DEAF.

It is advised that the amount due should be transferred to the DEAF fund on last working day of the month before closing of banking hours and the detailed break-up, number of accounts and amount ie, interest bearing or non-interest bearing deposits and to be submitted in Form No.I format to the Reserve Bank of India by 15th of succeeding month. With a view to further streamlining the operation of the DEAFund, the RBI has developed a separate dedicated module named DEAFund services under its E-Kuber portal.

The bank shall furnish returns to RBI in the form and manner prescribed in Form II. Monthly return claiming refund from DEAFund to be submitted online on or before 10th of the succeeding month to which the claim

pertains and original hard copy duly signed by Board approved authorized signatories and audited by concurrent auditor to be submitted by 25th of the succeeding month to which the claim pertains.

In case of demand from customer/ depositor whose unclaimed amount has been transferred to fund bank shall repay the customer along with interest. The details of the refund made by a bank in each calendar month should be furnished in Form III by 15th of subsequent month.

While settling claim there will not be any provision to re-open the closed accounts or renew the deposits. Branches have to get the latest KYC documents and request letter from the customer for claim and ensure genuineness of the same. The branches have to take adequate operational safeguards to ensure that claimants are genuine.

The interest payable, if any, from the Fund on a claim shall accrue only from the date on which the balance in an account was transferred to the Fund. Rate of interest, if any, payable on the principal and transferred to the Fund shall be specified by RBI from time to time. The settlement of all claims received by the banks on or after 11.05.2021 will be at 3 per cent simple interest.

As per RBI directive, the amount transferred to the Fund has to be shown in the books of the Bank as contingent liability. Bank shall preserve records containing details of accounts and amount transferred to DEAFund. Bank also preserves records of the claims made by the customer and payment made by the customers thereon by claiming reimbursement from RBI. Bank shall preserve records in respect of such accounts for a period of at least five years from the date of refund from the Fund.

As per RBI directive, the amount transferred to the Fund has to be shown in the books of the Bank as a contingent liability. Submission of reconciliation certified in Form III. This certificate must reach RBI in original not later than July 31st and January 31st respectively. The Bank shall submit the annual certificate to RBI within one month from the date of completion of the bank statutory audit or latest by September 30 of the subsequent financial year which the annual certificate is obtained.

The DEAF Scheme provides the options for depositor to reclaim the amount, even after it has been transferred to DEAF. The depositors can check the details of the inoperative accounts/ unclaimed amount transferred to the DEAF on the website of the respective banks. The list so displayed on the website must contain only the names of the account holders of his/her address in respect of unclaimed deposits.

യു.എൽ.സി.സി.എസ്. സംഘ ശക്തി കേരളത്തിന്റെ സഹകരണ പെരുമ

സുനിൽ കെ.എ.
സീനിയർ മാനേജർ,
മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ്

കേരളത്തിന്റെ സഹകരണ പെരുമ അന്താരാഷ്ട്ര രംഗത്ത് അടയാളപ്പെടുത്തിയ സംഘമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം. കേരളവും ഭാരതവും കടന്ന് കടലിനപ്പുറംവരെ എത്തിയ യു.എൽ.സി.സി.എസ് സംഘ ശക്തി ഒരു ദേശത്തിന്റെ ഗാഥയാണ്; നവോത്ഥാനത്തിന്റെ കണ്ണിയുമാണ്.

ഊരാളുങ്കൽ കൂലിവേലക്കാരുടെ പരസ്പരസഹായസംഘം എന്ന പേരിൽ വാഗ്ഭടാനന്ദ ഗുരു ദേവൻ സ്ഥാപിച്ച ഈ കമ്പനി ഇന്ന് യു.എൽ.സി.സി.എസ്. എന്ന പേരിൽ ആഗോള പ്രശസ്ത മാണ്. സിമന്റും കമ്പിയും മണലും കൃത്യമായ അളവിൽ ചേർത്താൽ മാത്രം പോരാ, അതിൽ സത്യസന്ധതയും അലിഞ്ഞുചേരണം എന്ന പ്രതിജ്ഞ അണുവിടപോലും തെറ്റിക്കാതെ ഈ സംഘം ജൈത്രയാത്ര തുടരുകയാണ് .

അനാചാരവും അന്ധവിശ്വാസവും നാടടക്കി വാണ പഴയ കാലം. തൊഴിലും വേതനവും ഇല്ലാതെ ജീവിതം വഴിമുട്ടിനിൽക്കുന്ന കോഴിക്കോട് ജില്ലയിലെ ഊരാളുങ്കൽ പ്രദേശത്തെ കുറച്ചു ചെറുപ്പക്കാർ വാഗ്ഭടാനന്ദഗുരുവിന്റെ പ്രഭാഷണം കേൾക്കാൻ മാഹിയിലെ പുത്തലത്ത് ക്ഷേത്രമൈതാനത്തെത്തി. നവോത്ഥാന ആശയങ്ങൾ പങ്കുവെച്ച ഗുരുവിന്റെ പ്രസംഗ

ത്തിൽ ആകൃഷ്ടരായ ഇവർ വാഗ്ഭടാനന്ദനെ അവരുടെ നാട്ടിലേക്ക് ക്ഷണിച്ചു. ഊരാളുങ്കൽ ഉൾപ്പെടുന്ന കാരക്കാട് പ്രദേശത്തെത്തിയ ഗുരുവിന്റെ നേതൃത്വത്തിൽ 1917-ൽ ആത്മവിദ്യാസംഘത്തിന് രൂപം നൽകി. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയ ചെറുപ്പക്കാർക്ക് നാട്ടിൽ ആരും ജോലി നൽകാതായി. പരിഭവവുമായി ചെറുപ്പക്കാർ വീണ്ടും ഗുരുവിനെ സമീപിച്ചു. മുന്നിട്ടിറങ്ങിയ പ്രവർത്തനങ്ങൾക്ക് ഇത് തടസ്സമാകരുതെന്ന് പറഞ്ഞ ഗുരു, ഇതിന് ലളിതമായ പരിഹാരവും നിർദേശിച്ചു. ജോലിചെയ്യാൻ സന്നദ്ധതയുള്ള ചെറുപ്പക്കാരെ സംഘടിപ്പിച്ച് ഒരു സഹകരണസംഘം തുടങ്ങുക.

അങ്ങനെ ഊരാളുങ്കൽ കൂലിവേലക്കാരുടെ പരസ്പരസഹായസംഘം എന്ന പേരിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർ 1925 ഫെബ്രുവരി 13-ന് സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങി. വൻകിട മേൽപ്പാലങ്ങളും ദേശീയ പാതകളും ഫ്ളൈഓവറുകളും നിർമിച്ച് കേരളത്തിന്റെ മുഖച്ഛായ മാറ്റിയ, നിർമാണ മേഖലയിലെ മഹാപ്രസ്ഥാനമായി വളർന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.എസ്.) യുടെ പിറവിക്കു പിന്നിൽ ഇങ്ങനെ ഒരു ദേശത്തിന്റെ കഥയുണ്ട്. ആരോരും അറിയാത്ത വടക്കൻ മലബാറിലെ ഒരു ഗ്രാമമായ ഊരാളുങ്കലിന്റെ പേര് രാജ്യം മുഴുവൻ എത്തിച്ചതിനു പിന്നിൽ കേരളീയ നവോത്ഥാനത്തിന്റെ ദീപങ്ങളിലൊരാളായ വാഗ്ഭടാനന്ദന്റെ കൈയൊപ്പ് പതിഞ്ഞ കഥ. വേലി കെട്ടൽ, ചെറിയ മതിൽ നിർമിക്കൽ, കിണർ കുഴിക്കൽ തുടങ്ങിയവയായിരുന്നു ആദ്യകാലത്ത് ഊരാളുങ്കൽ സൊസൈറ്റി ഏറ്റെടുത്തിരുന്ന പ്രവൃത്തി. ലാഭം കൊയ്യുകയെന്നതാവരുത് ലക്ഷ്യമെന്ന് ഗുരു അന്നേ കർശനനിർദേശം നൽകിയിരുന്നു. ഗുണമേന്മ ഉറപ്പുവരുത്തി, അഴിമതിമുക്തമായി, അച്ചടക്കത്തോടെ ജോലി ചെയ്യണമെന്ന നിർദേശം എന്നും പാലിച്ചുവന്ന ഇവിടത്തെ തൊഴിലാളികളാണ് സ്ഥാപനത്തിന്റെ ഇന്നത്തെ ഉയർച്ചയുടെ അവകാശികളെന്ന് യു.എൽ.സി.സി.എസ്. ചെയർമാൻ ശ്രീ.പാലേരി രമേശൻ പറയുന്നു.

സ്വന്തമായി ഒരു എൻജിനീയർ പോലും ഇല്ലാതിരുന്ന ഈ ജനകീയ സ്ഥാപനം നിശ്ചിതസമയത്തിനും മുമ്പേ, ഗുണമേന്മയോടെ ജോലി പൂർത്തിയാക്കി. ഊരാളുങ്കലിന്റെ പേര് നാടാകെ അറിഞ്ഞുതുടങ്ങി. പിന്നീടങ്ങോട്ട് ഈ പ്രസ്ഥാനത്തിന് കരാർ ജോലി അന്വേഷിച്ച് പോകേണ്ടി വന്നില്ല. സർക്കാർ, സ്വകാര്യ മേഖലയിലെ പ്രമുഖ നിർമാണജോലികൾ ഊരാളുങ്കലിനെ തേടി എത്തുകയായിരുന്നു.

ഇന്ന് സ്വന്തമായി ക്വാറി, ക്രഷർ, എൻജിനീയറിങ് വിഭാഗം തുടങ്ങി നിർമാണ കമ്പനിക്കാവശ്യമായ എല്ലാ അത്യാധുനിക സൗകര്യങ്ങളും ഉപകരണങ്ങളും സ്വന്തമായി നേടിയ ഊരാളുങ്കൽ പിന്നീട് വൈവിധ്യവത്കരണത്തിന്റെ പാതയിൽ മുന്നോട്ടു പോയി.

സംഘത്തിലെ അംഗങ്ങളുടെ മക്കൾക്ക് മെച്ചപ്പെട്ട തൊഴിലവസരം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് യു.എൽ.സൈബർ പാർക്കിന് 2008-ൽ തുടക്കമിട്ടത്. ഇന്ന് ഒട്ടേറെ പേർ ജോലി ചെയ്യുന്ന യു.എൽ. സൈബർപാർക്കിൽ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ ഐ.ടി.കമ്പനികളുണ്ട്.

യു.എൽ. ടെക്നോളജി സോല്യൂഷൻസ് ഊരാളുങ്കലിന്റെ സ്വന്തം സോഫ്റ്റ്‌വെയർ കമ്പനിയാണ്. തൊഴിൽ നൈപുണ്യമുള്ളവരെ പരിശീലിപ്പിച്ചെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ എന്ന പേരിൽ സ്ഥാപനം തുടങ്ങിയിട്ടുണ്ട്.

ജോലി സ്ഥലത്ത് തൊഴിലാളി അപകടത്തിൽപ്പെട്ട് മരിച്ചാൽ കുടുംബത്തിന് 30 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകാൻ ഇൻഷുറൻസ് പദ്ധതിയുണ്ട്. ഇ.എസ്.ഐ., പി.എഫ്., ഗ്രാറ്റ്വിറ്റി, ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾക്കുപുറമേ വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് പലിശരഹിത വായ്പയും നൽകുന്നു.

നിർമാണമേഖലയിൽ പ്രീകാസ്റ്റ്, പ്രീഫാബ് തുടങ്ങിയ പുതിയ സാങ്കേതികവിദ്യകളും ഡിസൈനും പ്രയോജനപ്പെടുത്തി സൗന്ദര്യവും കെട്ടുറപ്പുമുള്ള പാലങ്ങളും കെട്ടിടങ്ങളും യു.എൽ.സി.എസ് നിർമ്മിച്ചു തുടങ്ങി.

പ്രവർത്തനമികവിന് ഐക്യരാഷ്ട്രസഭയുടെ വികസന പദ്ധതി വിഭാഗമായ - യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം മാതൃകാ സഹകരണസംഘമായി ഊരാളുങ്കലിനെ തിരഞ്ഞെടുത്തിട്ടുണ്ട്. യു.എന്നിന്റെ ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തി ഊരാളുങ്കലിന്റെ നേട്ടം ലോകമെമ്പാടും പ്രദർശിപ്പിക്കുന്നുണ്ട്. അന്താരാഷ്ട്രസഹകരണ സംഘം (ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ്) ഊരാളുങ്കലിനെ ആദരിച്ചിട്ടുണ്ട്. ഐ.സി.എയിൽ അംഗത്വമുള്ള ഏക ഇന്ത്യൻ സഹകരണസംഘമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. കോഴിക്കോട് ജില്ലയിൽ വടകര, മടപ്പള്ളിയിലാണ് സംഘത്തിന്റെ ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്നത്.

KERALA BANK
Kerala State Co-operative Bank

കേരളബാങ്ക്
MSME വായ്പകൾ

KB സുവിധ	വായ്പാ പരിധി – 20 ലക്ഷം കാലാവധി – 10 വർഷം
KB സുവിധ പ്ലസ്	വായ്പാ പരിധി – 5 ലക്ഷം (ബസ് ഉടമകൾക്കും ചെറുകിട കച്ചവടക്കാർക്കും – 2 ലക്ഷം രൂപവരെ) കാലാവധി – 5 വർഷം
KB മിത്ര വായ്പ	വായ്പാ പരിധി വ്യക്തികൾക്ക് – 40 ലക്ഷം കമ്പനികൾക്ക് – 1 കോടി വരെ തിരിച്ചടവ് കാലാവധി – 7 വർഷം
KB യുവമിത്ര	വായ്പാ പരിധി വ്യക്തികൾക്ക് – 40 ലക്ഷം കമ്പനികൾക്ക് – 1 കോടി വരെ തിരിച്ചടവ് കാലാവധി – 7 വർഷം
KB GST മിത്ര	വായ്പാ പരിധി വ്യക്തികൾക്ക് – 40 ലക്ഷം കമ്പനികൾക്ക് – 1 കോടി വരെ തിരിച്ചടവ് കാലാവധി – ആവശ്യാനുസരണം പുതുക്കി ഉപയോഗിക്കാം (OD)

KB സ്മാർട്ട്	സേവന/വ്യാപാര/ഉത്പാദന മേഖലക്ക് പദ്ധതി ചെലവിന്റെ 90% രൂപ വായ്പയായി അനുവദിക്കുന്നു. സേവന വ്യാപാര മേഖലക്ക് (പദ്ധതി ചെലവ് – പരമാവധി – 10 ലക്ഷം) ഉത്പാദന മേഖലക്ക് (പദ്ധതി ചെലവ് – പരമാവധി – 25 ലക്ഷം) കാലാവധി – 5 വർഷം
KB പ്രവാസി കിരൺ	വായ്പാ പരിധി മൊത്തം വ്യാപാരം – 24 ലക്ഷം ചില്ലറ വ്യാപാരം – 16 ലക്ഷം കാലാവധി – 7 വർഷം
KB പ്രവാസി ഭദ്രത	വായ്പാ പരിധി പരമാവധി – 5 ലക്ഷം കാലാവധി – 5 വർഷം
ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പ	വായ്പാ പരിധി 40 ലക്ഷം രൂപവരെ കാലാവധി – 5 വർഷം

NABARD INITIATIVES FOR RURAL INFRASTRUCTURE

Rural Infrastructure Development Fund (RIDF)

Rural infrastructure development is critical for economic and social well-being of millions of people in the country. NABARD has been providing financial support to State Governments for strengthening rural infrastructure, under the Rural Infrastructure Development Fund (RIDF) since 1995-96. The Fund has played a significant role in completion of large number of successful projects across the country under three broad sectors i.e., (i) Agriculture and related areas (ii) Rural Connectivity and (iii) Social Sector. Currently, 37 activities are eligible for support under RIDF. RIDF investments have benefited the rural population by way of increase in income levels, diversification of rural livelihood activities, improvement in quality of life, greater financial inclusion.

Establishment of 500 kWp Grid Tied Floating Solar Photovoltaic System in Banasura Sagar Reservoir, Wayanad & Construction of salt-water exclusion regulator cum bridge across Kariangode River at Palayi valavu in Kasaragod district.

NABARD Infrastructure Development Assistance (NIDA)

NABARD Infrastructure Development Assistance (NIDA) was designed to fund directly the State Governments/State owned institutions/ Corporations on both on budget as well as off-budget for creation of rural infrastructure outside the ambit of RIDF borrowing. The funding under NIDA has been broadened by covering PPP (Public Private Partnerships) and non-PPP projects by registered entities like companies, co-operatives etc. and funding for NBFC - Infrastructure Finance Companies (IFCs) and Public Financial Institutions approved by the RBI. Projects largely benefiting rural areas or rural population are preferred for NIDA assistance with thrust on the following sectors viz., Agriculture, Transport, Energy, Drinking water & sanitation, Social & Commercial Infrastructure.

NABARD supported K-FON Project in Kerala. Govt .of Kerala provides free internet connectivity to poorer sections of the society

NABARD
Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905